


# നന്മകൾക്കെല്ലാം ഒരേ മുഖം മനുഷ്യരെല്ലാം നന്മ മരങ്ങൾ

**എൻ വി പൗലോസ് +91 98441 82044**

ആത്യന്തികമായി മനുഷ്യരെല്ലാവരും നന്മയിലേയ്ക്ക് സഞ്ചരിക്കുന്നു അല്ലെങ്കിൽ സഞ്ചരിക്കാൻ ആഗ്രഹിക്കുന്നു എന്നാണ് നവാസ് മേത്തറുടെ "ആ താലിമാല തേടി ആരും വന്നില്ല' എന്ന പുസ്തകം വായിച്ചപ്പോൾ ആദ്യം തോന്നിയത്. ഒറ്റയ്ക്കൊറ്റയ്ക്ക് എല്ലാവരും നിലനിൽപ്പിനായി പ്രയത്നിക്കുമ്പോഴും ഒറ്റക്കെട്ടായി നമ്മൾ നന്മയിലേയ്ക്ക് സഞ്ചരിക്കുന്നു എന്ന് ഗ്രന്ഥകാരൻ കൂടെ കൂടെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു.

## നന്മകൾ കൈകോർക്കണം

ജീവിത അനുഭവത്തിന്റെ ആഴമേറിയ വേരുകൾ തേടി മനോസഞ്ചാരം നടത്തുന്ന ഒരു ചെറുപ്പക്കാരനെയും, യുവാവിനെയും, പക്വത വന്ന ഒരു പത്രപ്രവർത്തകനെയും നമ്മൾ ഈ പുസ്തകത്തിൽ കണ്ടെത്തുന്നു. മണ്ണിൽ വേരോട്ടമുള്ള ആൽവൃക്ഷം പോലെ നവാസ് മേത്തർ നമ്മുടെ മുൻപിൽ നിവർന്ന് നിൽക്കുമ്പോൾ ഒട്ടാകെ സത്യസന്ധമായി കണ്ണൂരിന്റെ ചരിത്രം അവതരിപ്പിക്കാൻ തന്മയത്തത്തോടെ ശ്രമിച്ചിരിക്കുന്നത് കാണാം.

സത്യത്തിന്റെ തിളങ്ങുന്ന മുഖം തേടിയുള്ള ഒരു യാത്രയിൽ മുഴുകിയിരിക്കുന്ന എഴുത്തുകാരനെ നിങ്ങൾ ഇഷ്ടപ്പെട്ടെങ്കിൽ അത് തികച്ചും സ്വഭാവികമാണ്.

ആർദ്രവും അഗാധവും മാനുഷികവും, അതേസമയം അസംസ്കൃതവുമായ ബന്ധങ്ങളുടെ ചിന്തകൾ നിങ്ങൾക്ക് അനുഭവപ്പെട്ടെങ്കിൽ ഈ സമാഹാരം വെറും വാക്കുകളുടെ സംയോജനമല്ല, അത് നിരവധി ജീവിതങ്ങളുടെ ക്രോഡീകരണമാണെന്ന് നമ്മൾ മനസ്സിലാക്കണം.

സത്യസന്ധമായി എഴുതുന്ന ആത്മാർത്ഥതയാണ് ഈ പുസ്തകത്തെ ശ്രദ്ധേയമാക്കുന്നത്. വായനക്കാരനിൽ മതിപ്പുളവാക്കാൻ അദ്ദേഹത്തിന്റെ വാക്കുകൾ ഒരിക്കലും ശ്രമിക്കുന്നില്ല; പകരം അവ, ഓർമ്മ, വേദന, പ്രതീക്ഷ, പ്രതിരോധശേഷി എന്നിവയിൽ നിന്ന് സ്വാഭാവികമായി ഉയർന്നുവരുന്നു. ഓരോ ക്ഷണവും യാഥാർത്ഥ്യത്തിന്റെ മൂർച്ചയുള്ള നഖം വഹിക്കുമ്പോൾ, കഥാപാത്രങ്ങളുടെ തോളുകളിൽ ഉണ്ടാകുന്ന മുറിവുകൾ നിങ്ങളെയും വേദനിപ്പിച്ചേക്കാം. നിങ്ങൾക്കത് എഴുത്തുകാരനോടുള്ള പ്രണയമായി പരിണമിക്കുന്നു എന്നതാണ് ഈ കൃതിയെ വ്യത്യസ്തമാക്കുന്ന പ്രധാന സവിശേഷത.

## കൂട്ടായി പ്രവർത്തിക്കണം

നോസ്റ്റാൾജിയയുടെ സുഗന്ധം ഈ കൃതി ഉടനീളം ആവഹിക്കുന്നു. അദ്ദേഹത്തിന്റെ ശൈലിയിൽ ഒരു ലാളിത്യമുണ്ട്. ആ ലാളിത്യത്തിനുള്ളിൽ വളരെയധികം ശക്തിയുണ്ട്. നിങ്ങളെ ഒരേ സമയം പ്രകോപിപ്പിക്കാനും അതേപോലെ സുഖപ്പെടുത്താനുമുള്ള ശക്തിയാണത്.

തലക്കെട്ട് പ്രതീകാത്മകമാണ്. ഇന്ത്യൻ പാരമ്പര്യത്തിലെ താലിമാല ഐക്യം, ബന്ധം, തുടർച്ച എന്നിവയെ സൂചിപ്പിക്കുന്നു. ഇത് കേന്ദ്ര രൂപകമായി തിരഞ്ഞെടുക്കുന്നതിലൂടെ, ഈ നദി ഒഴുകിക്കൊണ്ടേയിരിക്കും എന്ന ചിന്ത നമ്മളിൽ രൂഢമൂലമാക്കുകയാണ് കഥാകൃത്ത് പ്രധാനമായും ചെയ്യുക. എത്രത്തോളം ഇതിനെ മലിനമാക്കാതിരിക്കാൻ നമുക്ക് കഴിയും? ചോദ്യം ഓരോ വായനക്കാരനോടും ഉന്നയിക്കപ്പെടുന്നതിൽ കാര്യമുണ്ട്.

നിറവേറ്റപ്പെടാത്ത വാഗ്ദാനങ്ങളുടെയും ആരും അവകാശപ്പെടാത്ത നന്മകളുടെയും മനുഷ്യ ബന്ധങ്ങളുടെയും ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ കൃതി. സാധാരണക്കാരുടെ നിശബ്ദ പോരാട്ടങ്ങൾക്ക് അദ്ദേഹം ശബ്ദം നൽകുന്നു. മനുഷ്യരുടെ കഷ്ടപ്പാടുകളോടുള്ള സംവേദനക്ഷമതയും അത് കലയിലേക്ക് അനുവർത്തനം ചെയ്യാനുള്ള കഴിവും ഈ സാഹിത്യത്തെ വ്യത്യസ്തമാക്കുന്നു.

ഭാഷയുടെ പ്രയോഗം അലങ്കാരമായിട്ടല്ല, സത്യമായി കാണുന്ന എഴുത്തുകാരുടെ പരമ്പരയിലേയ്ക്ക് നവാസ് മേത്തർ അനായാസം തന്റെ ആദ്യ കൃതിയിലൂടെ തന്നെ നടന്ന് കയറുന്നു. സത്യസന്ധതയോടെ ഉയർച്ചയും തകർച്ചയും പ്രതിഫലിപ്പിക്കുന്ന ഒരു കണ്ണാടിയാണ് ഈ പുസ്തകം. അതിർവരമ്പുകൾക്കപ്പുറം മനുഷ്യൻ എന്ന യാഥാർത്ഥ്യത്തെ വരച്ചുകാട്ടുകയാണിവിടെ.

## കൂട്ടായി പ്രവർത്തിക്കണം

ഡോ. ജോൺ ബ്രിട്ടാസ്, ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, ഷാഫി പറമ്പിൽ, ഡോ. ആസാദ് മൂപ്പൻ തുടങ്ങിയ ബഹുമാന്യരായവരിൽ നിന്നുള്ള പ്രശംസ ഈ കൃതിയെ ജനകീയമാക്കുന്നു. ഇംഗ്ലീഷ് അടക്കം വിവിധ ഭാഷകളിലേയ്ക്ക് ഈ കൃതി വിവർത്തനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ഭാഷയുടെ അതിർ വരമ്പുകൾക്കപ്പുറം മാനവികതയുടെ ശബ്ദമായി ഈ കൃതി മാറുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

യഥാർത്ഥ ജീവിതത്തിന്റെ താളവും സമൂഹത്തിന്റെ ഹൃദയമിടിപ്പും വഹിക്കുന്ന ആധികാരിക കൃതിയാണ് "ആ താലിമാല തേടി ആരും വന്നില്ല' എന്ന പുസ്തകം.

വാക്കുകൾക്കും പേജുകൾക്കുമപ്പുറം പച്ചയായ ഒരു മനുഷ്യൻ മറഞ്ഞ് നിൽക്കുന്നത് വായനക്കാർക്ക് മനസ്സിലാകും. നവാസ് മേത്തർ എന്ന ആ മനുഷ്യൻ സത്യത്തിൽ ഈ കഥകളിൽ നിറഞ്ഞ് നിൽക്കുകയാണ്. ഖസാക്കിന്റെ ഇതിഹാസത്തിലോ, ഒരു ദേശത്തിന്റെ കഥയിലോ പോലെ ഇവിടെയും ഈ കഥാപാത്രങ്ങളെ പലരും പലപ്പോഴായി തിരിച്ചറിയുന്നു. കഥാപാത്രങ്ങൾ സ്വയം വിലയിരുത്തുകയും പലപ്പോഴും തിരുത്തലുകൾക്ക് സ്വയം വിധേയമാകുകയും ചെയ്യുന്നതും സാമൂഹ്യരംഗത്ത് നില ഉറപ്പിച്ചവർക്ക് മനസ്സിലാകും.

അത് ഞാനാണ്. ആ പറഞ്ഞത് സത്യമാണ്. അതിന്റെ കാരണം അന്നത്തെ പ്രത്യേക സാഹചര്യമാണ് എന്നെല്ലാം അവർ പറയുമ്പോൾ കാലം കുറിച്ച് വച്ച പച്ചയായ യാഥാർത്ഥ്യങ്ങൾ കഥാകൃത്ത് സത്യസന്ധമായി പറഞ്ഞിരിക്കുന്നതിൽ വായനക്കാരന് അഭിമാനിക്കാം. എഴുത്തുകാരൻ കാലത്തിന്റെ കണ്ണാടിയാണെന്ന് പറയുകയും ചെയ്യാം.

വായനക്കാരോട് ചേർന്ന് നിൽക്കുന്ന, അല്ലെങ്കിൽ വായനക്കാരനിൽ ഒരാൾ തന്നെയാണ് എഴുത്തുകാരൻ. അദ്ദേഹത്തിന്റെ ഉൾക്കാഴ്ച്ചകൾ ആരിൽ നിന്നും കടമെടുത്തതല്ല, പിന്നെയോ, ജീവിതാനുഭവങ്ങളുടെ നേർക്കണ്ണാടിയാണ് എന്ന് നമുക്ക് വേഗം മനസ്സിലാകും.

ഈ കൃതി വായനാനുഭവത്തേക്കാൾ ഒരു ജീവിതാനുഭവം ഓരോ വായനക്കാരനും പ്രദാനം ചെയ്യുന്നു എന്ന് പറഞ്ഞാൽ അത് ഒട്ടൊക്കെ ശരിയായിരിക്കും. ആ താലിമാല തേടി ആരും വന്നില്ല എന്ന് പറയുമ്പോൾ കലിതുള്ളിയ ആ കാലഘട്ടം മനുഷ്യഹൃദയങ്ങളിൽ ഏൽപ്പിച്ച ഭയവും ഭീകരതയും പുനരവതരിക്കുന്നു. ഒരിക്കലും ഓർക്കാൻ ഇഷ്ടപ്പെടാത്തതും എന്നാൽ ഒരിക്കലും മറക്കാൻ കഴിയാത്തതുമായ എത്രയെത്ര കഥകളാണ് നമ്മുടെ ചരിത്രം രേഖപ്പെടുത്തിവച്ചിരിക്കുന്നത്.

ലക്ഷ്യബോധമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയായി ഓരോ എഴുത്തുകാരനും മാറുമ്പോൾ സാഹിത്യം കാലത്തിന് നേരെ പിടിക്കുന്ന ആൾകണ്ണാടിആയി മാറുന്നു. കൃതികൾ വജ്രം പോലെ തിളങ്ങുന്നു. അത് മറ്റുള്ളവർക്ക് പ്രചോദനം നൽകുകയും തുറവിയോടെ ജീവിക്കുന്നവർക്ക് സംതൃപ്തി നൽകുകയും ചെയ്യുന്നു.

കാലം കഴിയുന്തോറും, സ്വയം തിരുത്തുന്ന ഓരോ നിമിഷവും നമ്മെ കൂടുതൽ മിനുസപ്പെടുത്തുകയും കൂടുതൽ ഫലപ്രദവും മികച്ചതുമായ പ്രകടനം കാഴ്ച്ചവയ്ക്കുന്നതിന് നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. മൂല്യാധിഷ്ഠിതമായ പ്രവർത്തനങ്ങൾ വജ്ര തേജസ്സ് പോലെ എന്നേക്കും നിലനിൽക്കുന്നു. വളരെക്കാലത്തിനുശേഷവും തലമുറകൾക്ക് പ്രചോദനം നൽകുന്ന പാണന്റെ പാട്ടുകളായി ഈ കഥകൾ പ്രചരിക്കപ്പെടുന്നു. ആ താലിമാല തേടി നിരവധിപേർ വരട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.